# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഡിസംബർ 12 | ദീപം 57 | നാളം 40 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





# മതരാഷ്ട്രവാദത്തിന്റെ മാലിന്യപ്പുഴ ബംഗ്ലാദേശിനെ വിഴുങ്ങുമോ?




അനിൽ ജെ. തയ്യിൽ


മതരാഷ്ട്രവാദം ജനാധിപത്യത്തെ കശാപ്പു ചെയ്യുന്ന അരാജകത്വത്തിനു മറ്റൊരുദാഹരണമായി മാറുകയാണ് ബംഗ്ലാദേശ്. കലാപകാരികളുടെ ആവശ്യപ്രകാരം നോബൽസമ്മാനജേതാവും സാമ്പത്തികവിദഗ്ധനുമായ മുഹമ്മദ് യൂനിസ് മുഖ്യ ഉപദേഷ്ടാവായി നിലവിൽ വന്ന ഇടക്കാലമന്ത്രിസഭയെ നോക്കുകുത്തിയാക്കിക്കൊണ്ട് ന്യൂനപക്ഷനിർമാർജനം ലക്ഷ്യം വച്ച് ബംഗ്ലാതെരുവുകൾ കത്തുകയാണ്. മതത്തിന്റെ രാഷ്ട്രീയം കലുഷിതമാക്കിയ ബംഗ്ലാദേശിൽ ജനാധിപത്യത്തിന് ഒരു തിരിച്ചുവരവ് ഉണ്ടാകുമോ? രാജ്യദ്രോഹക്കുറ്റം ആരോപിച്ച് ഹരേ കൃഷ്ണ പ്രസ്ഥാനമായ ഇസ്കോണിന്റെ ആത്മീയ നേതാവ് ചിന്മയ് കൃഷ്ണദാസ് ബ്രഹ്മചാരിയെ അറസ്റ്റ് ചെയ്തതോടെയാണ് വീണ്ടും ബംഗ്ലാദേശ് കലുഷിതമായത്. ചിറ്റഗോങ്ങിലെ ലാൽ ഡിഗി ഗ്രാമത്തിൽ നടന്ന ഹിന്ദുമതസമ്മേളനത്തിൽ കാവിപ്പതാക ഉയർത്തിയതിന്റെ പേരിലാണ് രാജ്യദ്രോഹക്കുറ്റം ആരോപിച്ച് നവംബർ 25 ന് ചിന്മയ് കൃഷ്ണദാസിനെ അറസ്റ്റു ചെയ്തത്. കോടതി ജാമ്യം നിഷേധിച്ചതിനെത്തുടർന്ന് രണ്ടായിരത്തിലധികം പേർ ചേർന്ന് പൊലീസ് വാഹനം തടയുകയും പ്രക്ഷോഭത്തിനിടെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സൈഫുൾ ഇസ്ലാം കൊല്ലപ്പെടുകയും ചെയ്തു. ഇസ്കോൺ മതമൗലികവാദസംഘടനയാണെന്നും പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവരികയാണെന്നും ബംഗ്ലാദേശ് അറ്റോർണി ജനറൽ കോടതിയെ അറിയിച്ചു. ഇസ്കോണിനും ആത്മീയ നേതാക്കൾക്കുമെതിരേയുള്ള നടപടികൾക്കെതിരേ ന്യൂനപക്ഷവിഭാഗങ്ങളും, ഇസ്കോണിനെ നിരോധിക്കണമെന്നാവശ്യപ്പെട്ട് ജമാ അത്തെ ഇസ്ലാമിയുടെ നേതൃത്വത്തിൽ മുസ്ലിം വിദ്യാർഥികളടക്കവും തെരുവിലിറങ്ങിയതു പ്രക്ഷോഭം രൂക്ഷമാക്കി. ധാക്കയിലും ചിറ്റഗോങ്ങിലുമടക്കം വൻലഹളകൾ രൂപപ്പെടുകയും ന്യൂനപക്ഷങ്ങൾക്കെതിരേ ആക്രമണം വർധിക്കുകയും ചെയ്തു. കലാപം ശാന്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം രുദ്രപതി കേശവദാസ്, രംഗപതി ശ്യാമസുന്ദർദാസ്, ശ്യാം ദാസ് പ്രഭു എന്നീ ഇസ്കോൺ സന്ന്യാസിമാരെക്കൂടി അറസ്റ്റു ചെയ്തു പ്രശ്നം വഷളാക്കുന്നതിനാണ് ബംഗ്ലാദേശ്സർക്കാർ മുതിർന്നത്. കൂടാതെ, ഇസ്കോണിന്റെ 17 അക്കൗണ്ടുകൾ മരവിപ്പിക്കുകയും ചെയ്തു. ചിറ്റഗോങ്ങിലെ ലോകനാഥ ക്ഷേത്രം അടക്കം മൂന്നു ഹൈന്ദവ ആരാധനാലയങ്ങൾ ഇസ്ലാമിസ്റ്റ് കലാപകാരികൾ അടിച്ചുതകർത്തിട്ടും ഭരണകൂടം കണ്ണടച്ചിരിക്കുന്നു. ഹൈന്ദവർക്കും മറ്റു ന്യൂനപക്ഷങ്ങൾക്കും എതിരേയുള്ള ആക്രമണങ്ങൾ ക്കറുതിവരുത്തണമെന്ന ഇന്ത്യയുടെ ആവശ്യത്തിനെതിരേ ബംഗ്ലാദേശ് പ്രതികരിച്ചത് തങ്ങളുടെ ആഭ്യന്തരകാര്യത്തിൽ ഇന്ത്യ ഇടപെടരുതെന്നു പറഞ്ഞാണ്. ഷെയ്ക്ക് ഹസീനയ്ക്ക് ഇന്ത്യ അഭയം കൊടുത്തതു മുതൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം വഷളായിരുന്നു എന്നുകൂടി ബംഗ്ലാദേശ് വിദേശകാര്യ ഉപദേഷ്ടാവ് തൗഹീദ് ഹുസൈൻ പറഞ്ഞുവച്ചു.

**ഇസ്കോൺ**

ശ്രീകൃഷ്ണനെ ആരാധിക്കുന്ന ഗൗഡിയ വൈഷ്ണവ പ്രസ്ഥാനമായ ഹരേ കൃഷ്ണ മൂവ്മെന്റാണ് ഇന്റർനാഷണൽ സൊസൈറ്റി ഫോർ കൃഷ്ണ കോൺഷ്യസ്നസ് അഥവാ ഇസ്കോൺ എന്ന് അറിയപ്പെടുന്നത്. ഈ പ്രസ്ഥാനത്തിന് അടിത്തറപാകി വളർത്തിയത് അഭയ ചരണാരവിന്ദ ഭക്തി വേദാന്തസ്വാമി പ്രഭുപാദയാണ്.

1966 ൽ ന്യൂയോർക്കിൽ ആരംഭം കുറിച്ച ഈ പ്രസ്ഥാനത്തിന് ആഗോളവ്യാപകമായി പത്തുലക്ഷത്തിലേറെ അനുയായികളും എഴുന്നൂറിലേറെ കേന്ദ്രങ്ങളുമുണ്ട്. സമാധാനത്തിലും ആത്മീയതയിലുമുറച്ച ഇസ്കോൺ പ്രസ്ഥാനത്തിന് ഇന്ത്യ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ അനുയായികളുള്ളത് അമേരിക്കയിലും റഷ്യയിലുമാണ്. ചിറ്റഗോങ്ങിൽനിന്നുള്ള ഇസ്കോൺ ആത്മീയാചാര്യനായ ചിന്മയ കൃഷ്ണദാസ് ബംഗ്ലാദേശിലെ ന്യൂനപക്ഷ വേട്ടയ്ക്കെതിരേ ശക്തമായി രംഗത്തു വന്നതാണ് ജമാ അത്തെ ഇസ്ലാമിയെയും ഇസ്ലാമിസ്റ്റുകളെയും ചൊടിപ്പിച്ചത്. പല ന്യൂനപക്ഷ മുന്നേറ്റങ്ങളുടെയും അമരക്കാരനായിരുന്നു ബംഗ്ലാദേശ് സനാതൻ ജാഗരൻ മഞ്ച് വക്താവുകൂടിയായ അദ്ദേഹം.

**പ്രതികരണങ്ങൾ**

ചിന്മയ കൃഷ്ണദാസിനെ മോചിപ്പിക്കണമെന്നും ന്യൂനപക്ഷപീഡനം അവസാനിപ്പിക്കണമെന്നുമാവശ്യപ്പെട്ട് ബംഗ്ലാദേശ് ഹിന്ദു - ക്രിസ്ത്യൻ - ബുദ്ധിസ്റ്റ് യൂണിറ്റി കൗൺസിൽ രംഗത്തുവന്നു. പല പ്രതിഷേധ പരിപാടികളും കൗൺസിലിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇസ്കോണിന്റെ മുഖ്യസാമ്പത്തികസ്രോതസ്സ് അമേരിക്കയാണ്. ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങൾക്കെതിരേയുള്ള പീഡനം അവസാനിപ്പിക്കണമെന്ന് നിയുക്ത അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആവശ്യപ്പെട്ടു. പ്രശ്നത്തിനു പ്രതീക്ഷിച്ചതിലുമേറെ അന്താരാഷ്ട്രപ്രാധാന്യം ലഭിച്ചതോടെ വെട്ടിൽ വീണ അവസ്ഥയിലാണ് ബംഗ്ലാദേശ് ഭരണകൂടം. ജമാ അത്തെ ഇസ്ലാമി അടക്കമുള്ള തീവ്ര ഇസ്ലാമിസ്റ്റുകളെയും അന്താരാഷ്ട്ര ഇടപെടലുകളെയും ഒരേസമയം എങ്ങനെ കൈകാര്യം ചെയ്യുമെന്നതാണ് ബംഗ്ലാദേശ് ഭരണകൂടം ഇപ്പോൾ നേരിടുന്ന പ്രധാന പ്രശ്നം.

**യഥാർഥ ലക്ഷ്യം**

ചിന്മയ കൃഷ്ണദാസിന്റെ അറസ്റ്റിനു പിന്നിൽ ഇടക്കാലപ്രധാനമന്ത്രി മുഹമ്മദ് യൂനിസ് അല്ലെന്നും ബംഗ്ലാദേശിന്റെ സമ്പൂർണ ഇസ്ലാമികവത്കരണം ലക്ഷ്യമാക്കിയുള്ള ജമാ അത്തെ ഇസ്ലാമിയാണെന്നും പകൽപോലെ വ്യക്തം. അഫ്ഗാനിസ്ഥാനിലേക്കുള്ള തീവ്ര പരിവർത്തനഗമനത്തിലാണ് ഇപ്പോൾ ബംഗ്ലാദേശ്.

20 വർഷമായി വികസന പാതയിൽ മുന്നോട്ടു ചലിച്ചിരുന്ന ബംഗ്ലാദേശിനെ മതധ്രുവീകരണം നടത്തി പിന്നോട്ടടിക്കുകയാണ് ഭരണകൂടം.


▶4


പാലാ സെന്റ് തോമസ് പ്രസ് ബുക്സ്റ്റാളിൽ
ക്രിസ്മസ്
ഫെസ്റ്റിവൽ
അതിശയിപ്പിക്കുന്ന
വിലക്കുറവിൽ
അതിനൂതനവിഭവങ്ങൾ
ഡിസംബറിന്റെ കുളിരിൽ
ക്രിസ്മസിനെ വരവേല്ക്കാൻ
നിങ്ങളോടൊപ്പം ഞങ്ങളുമുണ്ട്
വരൂ... സന്ദർശിക്കൂ...
Merry Christmas
✦ ക്രിസ്തുമസ് ട്രീകൾ
✦ ക്രിബ് സെറ്റുകൾ
✦ പുൽക്കൂടുകൾ
✦ നക്ഷത്രങ്ങൾ
✦ തോരണങ്ങൾ
✦ ക്രിസ്മസ് സമ്മാനങ്ങൾ
✦ ക്രിസ്മസ് പാപ്പാ ഉടുപ്പുകൾ
✦ ബലൂണുകൾ
✦ LED ബൾബുകൾ
✦ അലങ്കാര ലൈറ്റുകൾ
✦ ലേസർ ലൈറ്റുകൾ
ഈ ക്രിസ്മസ് സെന്റ് തോമസിനോടൊപ്പം
04822 215321, 6282632531

# അഭിരുചിയും ആഭിമുഖ്യവും വിദ്യാഭ്യാസത്തിൽ



ഡോ. തോമസ് മൂലയിൽ

"മൂന്നും രണ്ടും, രണ്ടും മൂന്നും, രണ്ടും രണ്ടെന്നെഴുത്തുകൾ
പതിന്നാലിന്നാറുഗണം പാദം രണ്ടിലുമൊന്നുപോൽ
ഗുരുവൊന്നെങ്കിലും വേണം മാറാതോരോ ഗണത്തിലും
നടുക്കു യതി, പാദാദിപ്പൊരുത്തമിതുകേകയാം."

ഭാഷാധ്യാപകൻ ഇതു നീട്ടിച്ചൊല്ലി. കുട്ടികൾ അന്തംവിട്ടു കേട്ടിരുന്നു. അധ്യാപകൻ ആവർത്തിച്ചുചൊല്ലി. കുട്ടികളെക്കൊണ്ടേറ്റു ചൊല്ലിച്ചു. മിക്കവാറും കുട്ടികൾ ഇതു മനഃപാഠമാക്കി. നോട്ടുബുക്കിൽ എഴുതിക്കൊടുത്തിട്ടു സാർ പറഞ്ഞു: "നാളെ വരുമ്പോൾ എല്ലാവരും കാണാതെ ചൊല്ലിക്കേൾപ്പിക്കണം." പിറ്റേന്ന് കുട്ടികളോടു ചൊല്ലാൻ സാർ പറഞ്ഞു. എല്ലാവരുംതന്നെ ചൊല്ലി. എന്നാൽ ഒരുത്തൻ ബ... ബ...! സാർ അടുത്തുചെന്ന്, ചൊല്ലെടാ എന്നു പറഞ്ഞു. അവൻ ചൊല്ലിത്തുടങ്ങി: "ഒന്നും രണ്ടും മൂന്നും നാലും അഞ്ചുമാറെന്നെഴുത്തുകൾ..." ഒന്നാം ക്ലാസിൽ എണ്ണാൻ പഠിച്ചതിന്റെ ഓർമ അവന്റെ ഉപബോധമനസ്സിൽനിന്നുയർന്നതാവാം അങ്ങനെ ചൊല്ലാൻ കാരണം!

സാറിനരിശം വന്നു. അവന്റെ ചെവിക്കു പിടിച്ചു. അപ്പോൾ അവന്റെ ഡയലോഗ്: "സാറേ, അച്ഛൻ പുതിയ ഓട്ടോ വാങ്ങിച്ചിട്ടുണ്ട്; പരീക്ഷ കഴിഞ്ഞാലുടൻ ഓടിച്ചുതുടങ്ങണം!" സാർ പിടി അയച്ചു...! ചെവിയേന്നു പിടിവിട്ടെങ്കിലും കൈയേന്നു പിടിവിട്ടില്ല. പരീക്ഷ കഴിഞ്ഞ് അവൻ ഓട്ടോ ഓടിച്ചുതുടങ്ങി. പിന്നെ ജീപ്പോടിച്ചു... കുറേക്കഴിഞ്ഞപ്പോൾ അവൻ മെക്കാനിക്കായി. വർക്ക്ഷോപ്പു തുടങ്ങി. മികച്ച വർക്ക്ഷോപ്പ്. നാട്ടുകാർമാത്രമല്ല, അന്യനാട്ടുകാരും അവന്റെ വർക്ക്ഷോപ്പിനു മുമ്പിൽ ക്യൂ നിന്നു...! അവൻ അവന്റെ വഴി സ്വയം കണ്ടെത്തി. അവൻ തെളിച്ച വഴിയേ നടന്നുപോകാൻ വേണ്ട പ്രോത്സാഹനം അധ്യാപകൻ അവനു നല്കി. അവൻ രക്ഷപ്പെട്ടു.

ഏതൊരു കാര്യവും വിജയപ്രദമായി ചെയ്യുന്നതിനു നാലു സുപ്രധാനഘടകങ്ങളുണ്ട്. 1.താത്പര്യം 2. ഉൾച്ചേരൽ 3. ബോധ്യം 4. പ്രതിബദ്ധത. പഠനകാര്യത്തിൽ ഇവ വളരെ പ്രാധാന്യമർഹിക്കുന്നു. ഒരു കാര്യത്തിൽ താത്പര്യമുണ്ടെങ്കിൽ അതിൽ ഉൾച്ചേരും. അതു ബോധ്യം ആർജിക്കാൻ സഹായിക്കും. ബോധ്യമുണ്ടായാൽപ്പിന്നെ പ്രതിബദ്ധത വർധിക്കും. ഒരു കുട്ടിക്കു വിവിധ മേഖലകളിൽ തിളങ്ങാൻ കഴിയുമായിരിക്കും. എങ്കിലും ഏതെങ്കിലും ഒന്നോ രണ്ടോ മേഖലകളിൽ പ്രത്യേക താത്പര്യമുണ്ടാകും. ഉദാഹരണത്തിന്, സയൻസിന്റെ എല്ലാ വിഷയങ്ങളിലും വിജയിക്കാൻ കഴിയുന്ന ഒരു കുട്ടിക്ക് ഒന്നുകിൽ ഫിസിക്സിനോട് അല്ലെങ്കിൽ കെമിസ്ട്രിയോട് പ്രത്യേക താത്പര്യമുണ്ടാകും. അല്ലെങ്കിൽ, സയൻസ് വിഷയങ്ങളിൽ താത്പര്യമില്ലാത്ത കുട്ടിക്ക് ഹ്യുമാനിറ്റീസിനോടു താത്പര്യമുണ്ടാകാം. ആ വിഷയം തിരഞ്ഞെടുത്തു മുമ്പോട്ടുനീങ്ങാനുള്ള ക്രമീകരണം ഉണ്ടായിരുന്നെങ്കിൽ...!

വിദ്യാഭ്യാസമേഖലയിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്ന ന്യൂസിലൻഡ്, ഫിൻലൻഡ്, ജർമനി മുതലായ രാജ്യങ്ങളിലെ വിദ്യാഭ്യാസത്തിൽ ഇതിനുള്ള ക്രമീകരണം ഉള്ളതായി കാണുന്നു. ഉദാഹരണത്തിന്, ജർമനിയിൽ ഒരു 'ട്രിപ്പിൾ ട്രാക്ക്' സംവിധാനം കാണാം. കുട്ടികൾക്ക് ഈ മൂന്നു ട്രാക്കുകളിൽ ഇഷ്ടമുള്ളതിലൂടെ സഞ്ചരിക്കാൻ കഴിയും. ട്രിപ്പിൾ ട്രാക്ക് സംവിധാനത്തിൽ ഗിംനാസിയം, ഹൗപ്റ്റ്ഷൂളെ, റെയാൽഷൂളെ എന്നിങ്ങനെ മൂന്നു ട്രാക്കുകളാണുള്ളത്. അതിസമർഥൻ, സമർഥർ, ശരാശരിക്കാർ എന്നിങ്ങനെ കുട്ടികളെ വിലയിരുത്തുന്നു. ഏറ്റവും സമർഥർ ഗിംനാസിയത്തിലൂടെയും സമർഥർ റെയാൽഷൂളെയിലൂടെയും ശരാശരിക്കാർ ഹൗപ്റ്റ്ഷൂളെയിലൂടെയും സഞ്ചരിക്കുന്നു. സഞ്ചാരപഥത്തിൽ മികവു തെളിയിച്ചാൽ താഴത്തെത്തട്ടിൽനിന്നു മുകളിലേക്കും, മികവു നിലനിർത്താൻ സാധിക്കാതെവന്നാൽ മുകളിൽ നിന്നു താഴേക്കും നീങ്ങാനുള്ള ക്രമീകരണം ഈ സിസ്റ്റത്തിലുണ്ട്.



ജർമൻ സിസ്റ്റത്തിലെ ട്രിപ്പിൾ ട്രാക്ക് സംവിധാനം തത്ത്വത്തിൽ നമുക്കുമുണ്ട്. പക്ഷേ, ഓരോ ട്രാക്കിന്റെയും ഗുണമേന്മയെപ്പറ്റി ഒട്ടേറെ ആക്ഷേപങ്ങൾ നിലനില്ക്കുന്നു. അതിനുംപുറമേ, നമ്മുടെ കുട്ടികൾ ട്രാക്കിനെപ്പറ്റി ചിന്തിക്കുന്നതും തീരുമാനിക്കുന്നതും പത്താംക്ലാസ് കഴിഞ്ഞാണുതാനും. നമ്മുടെ സംവിധാനത്തിലെ ട്രാക്കുകൾ സയൻസ്ഗ്രൂപ്പ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് എന്നിങ്ങനെയാണല്ലോ. കുട്ടികളും രക്ഷാകർത്താക്കളും നെട്ടോട്ടമോടുന്നതു സയൻസ്ഗ്രൂപ്പിനുവേണ്ടിയാണ്. സമർഥർക്കുമാത്രമല്ല, ശരാശരിക്കാർക്കും അതിൽ താഴെയുള്ളവർക്കുംപോലും വേണ്ടത് സയൻസ്ഗ്രൂപ്പാണ്! ആമുഖത്തിൽ സൂചിപ്പിച്ച ഓട്ടോക്കാരൻപോലും പത്തു കടന്നുകൂടിയാൽ സയൻസ്ഗ്രൂപ്പിനേ അപേക്ഷിക്കുകയുള്ളൂ!

ദേശീയവിദ്യാഭ്യാസനയം ശിപാർശ ചെയ്യുന്നത് അഭിരുചിയും ആഭിമുഖ്യവുമനുസരിച്ചുള്ള പഠനരീതിയാണെന്ന കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു. അത് പത്തു കഴിയാൻ നോക്കാതെ മുൻകൂട്ടി ആരംഭിച്ചിരുന്നെങ്കിൽ? അതിന് 6, 7, 8 ക്ലാസുകളിൽ നിലവിലുള്ള വിഷയങ്ങൾ തുടരുന്നതോടൊപ്പം വ്യത്യസ്തങ്ങളായ മേഖലകൾ പരിചയപ്പെടുത്തുകയും പരിശീലനം നല്കുകയും ചെയ്താൽ മെച്ചപ്പെട്ട റിസൾട്ടുണ്ടാകും. ഓപ്ഷണൽ കോഴ്സായി കണക്കാക്കി വിദഗ്ധരുടെ സഹായത്തോടെ കോഴ്സുകൾ ക്രമീകരിച്ചാൽ മതിയാവും. ഓരോ വിദ്യാർഥിക്കും തന്റെ മേഖല തിരിച്ചറിഞ്ഞു പരിപോഷിപ്പിക്കാൻ അതു സഹായമാകും. ഇതിന്റെ തുടർച്ച എന്ന നിലയിലും പത്താംക്ലാസിനുശേഷം നിലവിലുള്ള ട്രിപ്പിൾ ട്രാക്കിന്റെ മുന്നൊരുക്കമെന്ന നിലയിലും 9, 10 ക്ലാസ്സുകളിൽ ട്രിപ്പിൾ ട്രാക്കിലൂടെയുള്ള സഞ്ചാരം ആരംഭിക്കണം.

കേരളസർക്കാർ 2017 ൽ ആരംഭിച്ച KITE എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന Kerala Infrastructure and Technology for Education ഫലപ്രദമായി പ്രവർത്തിക്കുന്നതായി കാണുന്നു. അതിൽ ഇൻഫർമേഷൻ & കമ്യൂണിക്കേഷൻ ടെക്നോളജി, കപ്പാസിറ്റി ബിൽഡിങ്, കണ്ടന്റ് ഡെവലപ്മെന്റ്, സാറ്റലൈറ്റ് ബേസ്ഡ് എജ്യുക്കേഷൻ, സപ്പോർട്ട് & കണക്റ്റിവിറ്റി മുതലായ വ്യത്യസ്തമേഖലകളിൽ കുട്ടികൾക്കു പരിശീലനം നല്കുക എന്ന ലക്ഷ്യമാണുള്ളത്. 5, 6, 7 ക്ലാസ്സുകളിൽ ഇതിനുള്ള പരിശീലനം നല്കി മികവു കാട്ടുന്ന കുട്ടികൾക്ക് അതതു മേഖലകളിൽ മുന്നോട്ടുപോകാൻ സാധിക്കും. എട്ടാം ക്ലാസിലാണ് ഇതിന് അംഗത്വം നല്കുന്നത്. ഇതിലൂടെ 9, 10 ക്ലാസ്സുകളിലെ സയൻസ്ഗ്രൂപ്പിലൂടെയുള്ള സഞ്ചാരത്തിൽ മികവു തെളിയിക്കാൻ സാധിക്കും.

എന്നാൽ, ഈ മേഖലകളിലൂടെ നീങ്ങാൻ കഴിവില്ലാത്തവരും അതേസമയം, മറ്റു മേഖലകളിൽ മികവുറ്റവരുമായ കുട്ടികൾക്ക് അതിനുള്ള മേഖലകൾ തുറന്നിടണം. ഭാഷ, സാഹിത്യം, കല, ചരിത്രം, സംസ്കാരം മുതലായവ ഇതിനുദാഹരണമാണ്. കഥയും കവിതയും സംഗീതവും നാടകവുമൊക്കെ വെറും നേരംപോക്കിനുള്ള പരിപാടികളായി എഴുതിത്തള്ളാതെ, അഭിരുചിയുള്ളവരെ കണ്ടെത്തി അവർക്ക് ആ വഴികളിലൂടെ സഞ്ചരിക്കാനും വിജയിക്കാനും ഉതകുന്ന രീതിയിൽ പരിശീലനം നല്കണം. സ്കൂൾ കായികമേളയും സയൻസ്മേളയും കഴിഞ്ഞു; കലോത്സവം താമസിയാതെ ഉണ്ടാകും. എന്നാൽ, ഈ മേളകൾ മിക്കവാറും തൃശൂർപൂരംപോലെയാണ്. ആനയുടെ എഴുന്നള്ളത്തും കുടമാറ്റവും വെടിക്കെട്ടുമെല്ലാം കഴിഞ്ഞാൽപ്പിന്നെ പൂരപ്പറമ്പു ശൂന്യമാകും. മേളകളിൽ മികവു തെളിയിച്ച കുട്ടികൾക്കു തുടർപരിശീലനം നല്കി അവരുടെ ജീനിയസ് തെളിയിക്കാനുള്ള സംവിധാനം വിദ്യാഭ്യാസപദ്ധതിയിൽ ഉണ്ടാകണം. സിനിമാരംഗത്തെ അരാജകത്വം ഇന്നു ചർച്ചാവിഷയമാണല്ലോ. 'അമ്മ' അന്ത്യശ്വാസം വലിക്കുന്ന ഘട്ടത്തിലെത്തിയിരിക്കുകയാണ്. സൂപ്പർതാരങ്ങൾക്കു താരശോഭ നഷ്ടപ്പെട്ടിരിക്കുന്നു. അവരുടെ കാലം കഴിഞ്ഞിരിക്കുന്നു എന്നു പറയുന്നതാവും കൂടുതൽ ശരി. പുതുതലമുറയ്ക്കു മുൻനിരയിലേക്കു കടന്നുവരാൻ കഴിഞ്ഞിട്ടില്ല. അതേസമയം, തിളങ്ങിനിന്നവരെ ഉയർത്തിക്കൊണ്ടുവന്നിരുന്നെങ്കിൽ ഈ ദുഃസ്ഥിതി ഉണ്ടാകുമായിരുന്നില്ല. അതുകൊണ്ട്, വിദ്യാഭ്യാസമേഖലയിൽ ഒരു പൊളിച്ചെഴുത്തുണ്ടാകണം. ഓരോ കുട്ടിയും ഓരോ പ്രപഞ്ചമാണ്; ഒരു അദ്ഭുതപ്രപഞ്ചം. എജ്യുക്കേഷൻ എന്ന വാക്കിൽ 'എദൂച്ചരെ' 'എദൂക്കാരെ' എന്നീ രണ്ടു ലത്തീൻ വാക്കുകളുടെ സമന്വയം ഉണ്ട്. 'എദൂച്ചരെ'യുടെ അർഥം പുറത്തുകൊണ്ടുവരിക എന്നാണ്. 'എദൂക്കാരെ' യുടെ അർഥം വളർത്തുക, പരിപോഷിപ്പിക്കുക എന്നൊക്കെയാണ്. വിദ്യാഭ്യാസത്തിൽ ഈ രണ്ടു പ്രക്രിയകളും നടക്കണം. അതായത്, വിദ്യാർഥികളിൽ അന്തർലീനമായിരിക്കുന്ന സിദ്ധിവിശേഷങ്ങളെ കണ്ടെത്തി പുറത്തുകൊണ്ടുവരികയും പരിപോഷിപ്പിക്കുകയും വേണം. എന്നാൽ, ഇന്നത്തെ വിദ്യാഭ്യാസത്തിൽ കുട്ടിയിൽ നിക്ഷിപ്തമായിരിക്കുന്ന സിദ്ധികളെ കണ്ടെത്താനും പുറത്തുകൊണ്ടുവരാനും നമ്മൾ പരാജയപ്പെടുന്നു. അതാണ്, മെക്കാനിക്കിനെക്കൊണ്ടു കേകവൃത്തത്തിന്റെ ലക്ഷണമെഴുതിക്കാൻ അയാളുടെ ചെവിക്കു പിടിക്കുന്നതിന് ഭാഷാധ്യാപകനെ പ്രേരിപ്പിച്ചത്!

# ബംഗ്ലാദേശിൽ ജനാധിപത്യം അകലെയോ?

*1-ാം പേജ് തുടർച്ച*

ബംഗ്ലാദേശ് വിമോചനസമരകാലത്ത് പാക് പട്ടാളത്തോടൊപ്പംനിന്ന് സ്വന്തം ജനത്തിനെതിരേ നിറയൊഴിച്ച ചരിത്രം പേറുന്ന ജമാ അത്തെ ഇസ്ലാമിക്ക് മുജീബുർ റഹ്മാന്റെ കാലത്തോ ഷെയ്ക്ക് ഹസീനയുടെ കാലത്തോ ഭരണകൂടപിന്തുണ ലഭിച്ചില്ല. എന്നാൽ, ഖാലിദ സിയായിൽനിന്നു ലഭിച്ച പിന്തുണ വളർച്ചയ്ക്കു വളക്കൂറായി. 1971 ൽ ഏകദേശം ഒരു കോടി അഭയാർഥികളാണ് ഇന്ത്യയിലേക്കു വന്നത്. ഇപ്പോൾ ബംഗ്ലാദേശിലുള്ള ഒന്നരക്കോടിയിലേറെ വരുന്ന ഹൈന്ദവ ക്രൈസ്തവ ബൗദ്ധ ന്യൂനപക്ഷത്തെ ഇന്ത്യയിലേക്കു കൂട്ടപ്പലായനം ചെയ്യിക്കാനോ വംശഹത്യ നടത്താനോ ഉള്ള കിരാതമായ ആസൂത്രിതനീക്കമാണ് അവിടെ നടക്കുന്നത്. പാക് - ചൈന പിന്തുണയോടെ ജമാ അ ഹസീനയെ വിട്ടുകിട്ടാനുള്ള ഒരു സമ്മർദതന്ത്രമെന്ന നിലയിൽ ബംഗ്ലാദേശ് ഈ അവസരത്തെ വിനിയോഗിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഇന്ത്യ വഴങ്ങുന്നില്ല എന്നുമാത്രമല്ല, രാജ്യസഭയിൽ ഔദ്യോഗികപ്രസ്താവന നടത്തി നിലപാടു കടുപ്പിക്കുകയാണു ചെയ്തത്.

ബംഗ്ലാദേശ് ഉദ്ദേശിക്കുന്നതുപോലെ ഒന്നരക്കോടിയോളം വരുന്ന ന്യൂനപക്ഷങ്ങളെ അഭയാർഥികളായി സ്വീകരിക്കാനും ഇന്ത്യ തയ്യാറാവുകയില്ല. മ്യാൻമറിൽനിന്നുള്ള രോഹിംഗ്യൻ അഭയാർഥികളെ സ്വീകരിക്കാതെ ഇന്ത്യ തങ്ങളുടെ നയം വ്യക്തമാക്കിയതാണ്.

ബംഗ്ലാദേശിനു വൈദ്യുതി നൽകുന്നത് ഇന്ത്യൻ കമ്പനികളാണ്. മൂന്നുമാസത്തെ വൈദ്യുതി കുടിശ്ശിക ആയതോടെ അദാനിഗ്രൂപ്പ് വൈദ്യുതിവിത മുഹമ്മദ് യൂനിസ് ഭാരതത്തോടാവശ്യപ്പെട്ടത്. ബംഗ്ലാദേശിൽ ഇന്ത്യൻപതാക ചവിട്ടിത്തേക്കുകയും കത്തിക്കുകയും ന്യൂനപക്ഷപീഡനം നടക്കുകയും ചെയ്യുമ്പോൾ കയ്യുംകെട്ടി നിന്നു പ്രോത്സാഹിപ്പിക്കുന്ന ഒരു രാഷ്ട്രത്തലവന്റെ ഇരട്ടത്താപ്പുനയം ഇവിടെ കാണാം.

ബംഗ്ലാദേശിന് ഇന്ത്യയുടെ സമ്മർദത്തിനു വഴങ്ങുകയല്ലാതെ വേറേ മാർഗമൊന്നുമില്ല - അതിനല്പം സമയമെടുത്താലും. ഇന്ത്യയ്ക്കെതിരേ നിലപാടെടുത്ത മാലിദ്വീപിന് ഒടുവിൽ നമ്മുടെ കാലുപിടിക്കേണ്ട അവസ്ഥ വന്നത് ഏറെനാൾ മുമ്പല്ല. ലക്ഷദ്വീപിൽ ചെന്ന് മോദി ഒരു കസേര വലിച്ചിട്ടിരുന്നപ്പോൾ തകരാനുണ്ടായിരുന്നതേയുള്ളൂ മാലിയുടെ അഹങ്കാരം. ജനാധിപത്യം പുലർന്നാലും പട്ടാളഭരണമായാലും ബംഗ്ലാദേശ് വിട്ടുവീഴ്ചകൾ




ത്തെ നടത്തിയ ആക്രമണങ്ങളുടെ എണ്ണം രണ്ടായിരത്തിലേറെയായി.

മതമൗലികവാദികളുടെ മുഖംമൂടിയായി മാറിയ മുഹമ്മദ യൂനിസ് ഇനി രണ്ടുമാസത്തിലേറെയൊന്നും ഭരണത്തിൽ ഉണ്ടാവില്ലെന്നും അതിനകം പട്ടാളം ഭരണം ഏറ്റെടുക്കുമെന്നുമാണ് അന്താരാഷ്ട്ര വിശകലനവിദഗ്ധർ പറയുന്നത്. അതു മുന്നിൽക്കണ്ടാവണം ഉടനടി തിരഞ്ഞെടുപ്പു നടത്തണമെന്ന് ഇപ്പോൾ വിജയസാധ്യതയുള്ള ജമാ അത്തെ ഇസ്ലാമി നിർബന്ധം പിടിക്കുന്നത്. ഷെയ്ക്ക് ഹസീനയുടെ പലായനത്തോട ശബ്ദം നഷ്ടപ്പെട്ട അവാമി ലീഗ് തങ്ങൾക്ക് ഒരു ഭീഷണിയല്ലെന്നും ഭരണം പിടിക്കാമെന്നും അവർ ചിന്തിക്കുന്നു.

മൈക്രോഫിനാൻസ് എന്ന ആശയത്തിലൂന്നി 1983 ൽ ഗ്രാമീൺ ബാങ്കുകൾ സ്ഥാപിച്ചു ബംഗ്ലാദേശിനെ വളർച്ചയിലേക്കു നയിച്ച മുഹമ്മദ് യൂനിസ് എന്ന സാമ്പത്തികവിദഗ്ധൻതന്നെ ജമാഅത്തെക്കു വഴങ്ങി രാജ്യത്തെ തകർച്ചയിലേക്കു നയിക്കുന്നത് 'ഉച്ചി വച്ച കൈകൊണ്ട് ഉദകക്രിയ' എന്ന ചൊല്ല് അന്വർഥമാക്കുന്നു.

**ഇന്ത്യയുടെ ഇടപെടൽ**

ഇന്ത്യയുമായി 4000 കിലോമീറ്ററുകളുടെ അതിർത്തി പങ്കുവയ്ക്കുന്ന ഒരു രാജ്യം എന്ന നിലയിൽ ബംഗ്ലാദേശിലെ പ്രശ്നങ്ങളിൽ കാര്യമായി ശ്രദ്ധ ചെലുത്താൻ നാം നിർബന്ധിതരാകുന്നു. 1971 ൽ ബംഗ്ലാദേശ് രൂപീകരണകാലംമുതൽ ഇരുരാജ്യങ്ങളും തമ്മിൽ അടുത്ത ബന്ധമാണു പുലർത്തിപ്പോരുന്നത്. ഷെയ്ക്ക് രണം ഭാഗികമായി കുറച്ചിരിക്കുകയാണ്. അവർക്കു ലഭിക്കാനുള്ള 800 കോടി രൂപയിൽ 100 കോടി മാത്രമാണു ലഭിച്ചിരിക്കുന്നത്. സമ്മർദതന്ത്രം എന്ന നിലയിൽ ഇന്ത്യ വൈദ്യുതിവിതരണം നിർത്തിയാൽ ബംഗ്ലാദേശ് ഇരുട്ടിലാവും. പക്ഷേ, ഒരു മഹത്തായ ജനാധിപത്യരാഷ്ട്രം എന്ന നിലയിൽ ഭാരതം അത്രത്തോളം കടുംകൈ ചെയ്യുന്നത് എല്ലാ വാതിലുകളും അടയുമ്പോൾമാത്രമാവും. ബംഗ്ലാദേശിന് ആവശ്യമുള്ള പെട്രോളിയം ഉത്പന്നങ്ങളുടെ റിഫൈനിങ്ങിന് ആശ്രയിക്കുന്നതും ഭാരതത്തെയാണ്. കച്ചവടബന്ധങ്ങളിലും നിയന്ത്രണം ഏർപ്പെടുത്തിയാൽ ബംഗ്ലാദേശ് ഏറ്റവും വലിയ പട്ടിണിരാജ്യമായി മാറും. ബംഗാളിലും പ്രതികരണങ്ങൾ കണ്ടുതുടങ്ങി. ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുന്നതിൽ പ്രതിഷേധിച്ച് കൽക്കത്തയിൽ ജെ എൻ റായ് ഹോസ്പിറ്റൽ അടക്കമുള്ളവർ ബംഗ്ലാദേശികൾക്കു ചികിത്സ നൽകില്ലെന്നു വ്യക്തമാക്കിക്കഴിഞ്ഞു. ഐപിഎൽ ലേലത്തിൽ ഒറ്റ ബംഗ്ലാദേശ് കളിക്കാരെപ്പോലും ആരും സ്വീകരിച്ചിട്ടില്ല. കൽക്കത്തയിൽ ഹിന്ദു ജാഗരണ മഞ്ച് നടത്തിയ റാലി ബംഗ്ലാദേശ് നയതന്ത്രകാര്യാലയത്തിലേക്കു തള്ളിക്കയറാൻ ശ്രമം നടക്കുകയും ബംഗ്ലാദേശ് പതാകകൾ കത്തിക്കുകയും ചെയ്തു. ജോലിക്കും മറ്റുമായി ഇന്ത്യയിലുള്ള രണ്ടു കോടിയോളം വരുന്ന ബംഗ്ലാദേശികളുടെ സുരക്ഷ ഉറപ്പാക്കണമെന്നും ബംഗ്ലാദേശ് പതാക കത്തിച്ചവർക്കെതിരേ നടപടിയെടുക്കണമെന്നുമാണ് ചെയ്യേണ്ടിവരും. പക്ഷേ, താലിബാനിസത്തിലേക്കുള്ള യാത്രയാണെങ്കിൽ അവർക്ക് ജനങ്ങളെക്കുറിച്ച് ആശങ്ക വേണ്ട. കാരണം, ഇസ്ലാമികഭീകരതയ്ക്ക് ജനക്ഷേമമല്ല ലക്ഷ്യം എന്നതിന് അഫ്ഗാനിസ്ഥാൻമുതൽ പലസ്തീൻ വരെ നമുക്കുമുമ്പിൽ ജീവിക്കുന്ന ഉദാഹരണങ്ങൾ ബാക്കിയുണ്ട്.

■

## മണ്ണ്

കവിത
കാഞ്ചിയാർ മോഹനൻ

മണ്ണു വേണം ജലം വേണം വായു വേണം
നാളെയും വിണ്ണുപെയ്യാൻ
നമുക്കിത്തിരി മലകളും വേണം

മരം വേണം മരുപ്പച്ചത്തണൽ വേണം,
ഭൂമിക്കൊരുടൽ വേണം
ഉടയാത്തൊരു രൂപവും വേണം

പുഴകൾ വേണം നദികൾ വേണം
പുഞ്ചപ്പാടങ്ങൾ വേണം
വസന്തത്തിൽ പൂവുകൾതൻ പൂമണം വേണം

നദികൾ വേണം കിളികൾ വേണം
കുയിലുകൾതൻ പാട്ടു വേണം
മരംകൊത്തികൾ താളമിട്ടൊരു പാട്ടുകേൾക്കേണം

ഇലകൾ വേണം കായ്കൾ വേണം
ഇലത്താളം കൂടെവേണം
കിളികളാരവമിട്ടു വാനിൽ ഒഴുകി നീങ്ങേണം

പുലരി വേണം രാവു വേണം
രാക്കിളിതൻ പാട്ടു വേണം
പനംപട്ടകൾ കാറ്റിലാടി രസിച്ചുനിൽക്കേണം

വയലു വേണം വലരി വേണം
വയൽക്കരെത്തഴുതാമവേണം
ഞാറുവാലിപ്പക്ഷികൾതൻ കാഹളം വേണം

തോടു വേണം കുളം വേണം
തോട്ടിലൊത്തിരി മീൻ വേണം
കാട്ടരുവികൾ പാട്ടുപാടി ഒഴുകിയെത്തേണം

തണലു വേണം കുളിരു വേണം
താമരപ്പൂക്കുളം വേണം
മലകളിൽ നിന്നൊഴുകിയെത്തും അരുവിയും വേണം

കാടു വേണം നാടു വേണം
തലമുറയ്ക്കൊരു ഭാവി വേണം
കാട്ടുചോലകൾ നാട്ടിലെത്തി കുളിർ നിറയ്ക്കേണം

ഇനി വരുന്നൊരു തലമുറയ്ക്കായ്
ജലം വേണം വായു വേണം നാട്ടിലൊത്തിരി
മരം വച്ചിട്ടാവി തീർക്കേണം

അമ്മയാണിതു നന്മയാണ്
പ്രപഞ്ചമെന്ന മഹാദ്ഭുതം
അമ്മ വാഴുക, നന്മ വാഴുക മേൻമ വാഴുകയൂഴിയിൽ.

## ശ്രേഷ്ഠമലയാളം

## പണ്ഡിതമ്മന്യൻ



ഡോ. ഡേവിസ് സേവ്യർ

**പ**ണ്ഡിതമ്മന്യൻ എന്ന ശരിയായ പ്രയോഗത്തെ 'പണ്ഡിതമന്യൻ' എന്നു തെറ്റായി ചിലർ എഴുതുന്നു. പണ്ഡിതൻ എന്നു സ്വയം വിചാരിക്കുന്നവൻ 'പണ്ഡിതമന്യൻ' അല്ല; പ്രത്യുത, പണ്ഡിതമ്മന്യൻ ആണ്. 'പണ്ഡിതത്തമന്യൻ' എന്ന പ്രയോഗവും തെറ്റുതന്നെ. 'പണ്ഡിതമാന്യൻ എന്നായാൽ അർഥം വേറേയാണ്. പണ്ഡിതമാന്യൻ എന്നാൽ മാന്യനായ പണ്ഡിതൻ ആണ്. അതല്ലല്ലോ പണ്ഡിതമ്മന്യൻ!'

മന് ധാതുവിന് 'തന്നെത്തന്നെ - ഇന്നവൻ - എന്നു വിചാരിക്കുന്ന' എന്നാണർഥം. മന് ധാതുവിനോട് വികരണപ്രത്യയമായ യ ചേർക്കണം. തുടർന്ന് അ (വശ്) പ്രത്യയം ഘടിപ്പിക്കുമ്പോൾ പണ്ഡിതമ്മന്യ (പണ്ഡിത+മന്+യ്+അ) എന്ന രൂപം കിട്ടും. താൻ പണ്ഡിതനാണെന്നു വിചാരിക്കുന്ന എന്നർഥവും. അതിനോട് അൻ എന്ന ലിംഗപ്രത്യയം ചേർത്ത് പണ്ഡിതമ്മന്യൻ (പണ്ഡിതമന്യഃ) എന്നു പുല്ലിംഗരൂപവും സൃഷ്ടിക്കാം.

"ആത്മമാനേ മന്യ എന്നും പ്രാക്സ്വരേ മാഗമത്തൊടേ" (482) അതായത്, ആത്മാവിനെ ഇന്നവനായിട്ടു മനനം ചെയ്യുന്നവൻ എന്നർഥത്തിൽ സോപപദ മനധാതുവിന് യ പ്രത്യയം വന്നു മന്യ എന്നു രൂപം; ഇതിൽ സ്വരാന്തമായ പൂർവപദത്തിൽ മകാരം ആന്താഗമം ചേർക്കയും വേണം. ഉദാ. ആത്മാനം പണ്ഡിതം മന്യത ഇതി പണ്ഡിതമ്മന്യഃ (അൻ)* ഹരിമ്മന്യൻ, സർവജ്ഞമ്മന്യൻ, സുഭഗമ്മന്യൻ, ദർശനീയമ്മന്യൻ എന്നിങ്ങനെ വേറെയും ഉദാഹരണങ്ങൾ.

മന്യ ചേരുമ്പോൾ അവ്യയമല്ലാത്ത ഉപപദത്തിന്റെ അന്ത്യസ്വരം ദീർഘമാണെങ്കിൽ ഹ്രസ്വമാകും. സുന്ദരീ+മന്യ= സുന്ദരിമ്മന്യ. ഉപപദം ഏകാക്ഷരമാണെങ്കിൽ ഹ്രസ്വം വരുകയില്ല. ശ്രീ+മന്യ=ശ്രീമ്മന്യ → ഏകാക്ഷരമായ ഉപപദത്തിന്റെ ദ്വിതീയൈകവിഭക്തിയോടും മന്യ ചേർക്കാം. ശ്രീ+മന്യ= ശ്രീയമ്മന്യ** മഹാപണ്ഡിതന്മാർ വ്യവച്ഛേദിച്ചു പറഞ്ഞുതന്നിട്ടുള്ള വസ്തുതകൾ ശരിയാംവണ്ണം പഠിച്ചെങ്കിൽമാത്രമേ തെറ്റുകൂടാതെ പറയാനും എഴുതാനും ഉള്ള കഴിവ് സ്വായത്തമാവുകയുള്ളൂ.

* രാജരാജവർമ്മ, ഏ.ആർ., മണിദീപിക, കേരളസാഹിത്യ അക്കാദമി, തൃശൂർ, 1987, പുറം - 233, 234.

** ജോൺ കുന്നപ്പള്ളി, ഫാ. വിദ്വാൻ, പ്രക്രിയാഭാഷ്യം, ഡി.സി. ബുക്സ്, കോട്ടയം, 1989, പുറം - 490.

ബാലനോവൽ 8

അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

**ഇ**ങ്ങനെയൊരു രംഗം കൊട്ടാരാങ്കണത്തിൽ ഉരുത്തിരിയുമെന്ന് സ്വപ്നത്തിൽപോലും ആരും ഓർത്തിരുന്നില്ല. പ്രത്യേകിച്ച് മഹാരാജാവു തിരുമനസ്സ് നാടുനീങ്ങി, നിശ്ചലനായി കിടക്കുന്ന സമയം. ഇത്തരം വേദനാനിർഭയമായ അവസ്ഥയിൽ സർപ്പകാലനും മാർജാരനും കണ്ടുമുട്ടിയത് അതിഭീകരമായ ഏതോ ദുരന്തം സംഭവിക്കാനാണെന്ന് പ്രജകൾ ഭയന്നു.

മാർജാരനും ചില്ലറക്കാരനൊന്നുമല്ല. മഹാമാന്ത്രികനെന്നാണ് പ്രജകൾ വിശ്വസിക്കുന്നത്. അയാൾ രാജ്യത്തിന്റെ അതിർത്തിയോടു ചേർന്നുള്ള ഗ്രാമത്തിലാണു താമസിക്കുന്നത്. നൂറുകണക്കിനാളുകൾ മാർജാരനെകാണാൻ വീട്ടിലെത്താറുണ്ട്. അവർക്കെല്ലാം പലതരത്തിലുള്ള പിച്ചളസാധനങ്ങൾ നൽകും. പിന്നെ വൻതുകയും വാങ്ങും.

താടിയും മുടിയും നീട്ടി വളർത്തിയ ഒരാജാനുബാഹുവാണ് മാന്ത്രികൻ. കരിമ്പൂച്ചകളെ ഉപയോഗിച്ച് മന്ത്രം ചെയ്തതോടെയാണ് മാർജാരൻ എന്നറിയപ്പെടാൻ തുടങ്ങിയത്. സാധാരണക്കാരെ കബളിപ്പിച്ച് പണം വാങ്ങും. കാര്യമായ യാതൊരു ശക്തിയുമില്ലെങ്കിലും എല്ലാവരെയും വെല്ലുവിളിച്ച് ഭയപ്പെടുത്തുന്നതാണു തന്ത്രം.



കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും എല്ലാവരുടെയും മുമ്പിൽ അയാൾ വലിയൊരു മാന്ത്രികനാണ്. ആദരണീയനും വലിയ ശക്തിമാനുമാണ്. എല്ലാവരും കാണുന്ന മാത്രയിൽത്തന്നെ താണുവണങ്ങും.

സർപ്പകാലനും പാമ്പുകളെക്കൊണ്ട് എന്തും ചെയ്യിക്കുന്നവനാണ്. അങ്ങനെയുള്ള രണ്ടു ശക്തികൾ തമ്മിൽ ഏറ്റുമുട്ടാൻ പോകുന്ന രംഗം പ്രജകൾക്കു സ്വപ്നത്തിൽപോലും ചിന്തിക്കാൻ കരുത്തില്ല.

ഇത്തരം ഒരു സമയത്ത് മാർജാരൻ എങ്ങനെ എത്തി എന്നതാണ് എല്ലാവരെയും അതിശയിപ്പിക്കുന്നത്, അദ്ഭുതപരതന്ത്രരാക്കുന്നത്.

ഏതാനും നിമിഷങ്ങൾകൂടി പിന്നിട്ടിരുന്നെങ്കിൽ സർപ്പകാലൻ പാമ്പിനെയുംകൊണ്ട് കുന്നിൻമുകളിലേക്കു യാത്രയാകുമായിരുന്നു. എങ്കിൽ ഇരുവരും തമ്മിൽ കണ്ടുമുട്ടുകയില്ലായിരുന്നു. വർഷങ്ങൾക്കുമുമ്പേതന്നെ സർപ്പകാലനും മാർജാരനും ശത്രുക്കളാണ്. ഇരുവരും വർഷങ്ങളായി അന്യോന്യം കണ്ടുമുട്ടിയിട്ട്.

ഏതാണ്ട് ഒരു പത്തുവർഷം മുമ്പാണ് ഇവർ തമ്മിലുള്ള ശത്രുത ആരംഭിച്ചത്. ഏതോ ഒരു പച്ചമരുന്നു തേടി കുന്നിന്റെ താഴ്‌വരെയെത്തിയ മാർജാരനെ സർപ്പകാലന്റെ പാമ്പുകൾ വളഞ്ഞു. എന്നാൽ മാർജാരൻ കൈയിലിരുന്ന ഒരു തകരച്ചെപ്പു തുറന്ന് ഒരു പച്ചമരുന്ന് പാമ്പുകൾക്കിടയിലേക്കിട്ടു. തൽക്ഷണം പാമ്പുകൾ കൂട്ടത്തോടെ പലായനം ചെയ്തു. ഇതു തന്റെ പൂച്ചമന്ത്രവാദംകൊണ്ടാണെന്ന് മാർജാരൻ വരുത്തിത്തീർത്തു. അങ്ങനെ സർപ്പകാലനെ അയാൾ രണ്ടാമനാക്കി. തന്നെയുമല്ല, രണ്ടു സർപ്പങ്ങളെ വാലിൽപ്പിടിച്ച് നിലത്തടിച്ചു കൊല്ലുകയും ചെയ്തു.

അന്നുമുതൽ അവർ കടുത്ത വൈരികളായി. എവിടെങ്കിലും വച്ച് ഇരുവരും കണ്ടാൽപ്പിന്നെ അന്യോന്യം വെല്ലുവിളികൾ തുടങ്ങും. താനാണ് വലിയവനെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ വേണ്ടി ഇരുവരും അന്യോന്യം തങ്ങളുടെ ശക്തി വിശേഷങ്ങൾ ജനംകേൾക്കെ വിളിച്ചു പറയും.

ഓരോരുത്തരും അന്യോന്യം ഭസ്മമാക്കുമെന്ന് വെല്ലുവിളിക്കും.

ജനം ഭയത്തോടെ ആ രംഗം നോക്കിനിൽക്കെ മാർജാരൻ പറഞ്ഞു:

“വാസ്തവത്തിൽ ഈ പാമ്പ് ആരുടേതാണ്? എനിക്കിതറിയണം. ഇതു നിങ്ങളുടെ പാമ്പാണ്. ആ പാമ്പ് എങ്ങനെ കൊട്ടാരത്തിലെത്തി?”

“നീ കള്ളനാണ്. ഇത് എന്റെ പാമ്പാണെന്ന് നീ എങ്ങനെ തിരിച്ചറിഞ്ഞു. അടയാളം വല്ലതും അറിയാമോ?”

“ഹാ, നീ എന്നെ വിഡ്ഢിയാക്കരുത്. നിന്റെ പാമ്പുകളെയെല്ലാം ഒറ്റമന്ത്രംകൊണ്ട് ശവമാക്കി മാറ്റാൻ എനിക്കറിയാം.”

“എന്നാൽ, എന്റെ ഈ മയങ്ങിക്കിടക്കുന്ന പാമ്പിന്റെ മുകളിലൂടെ ഈ വടി മൂന്നുതവണ ഉഴിഞ്ഞാൽ മതി, ഈ സർപ്പം ചാടിയെണീൽക്കാൻ. എണീറ്റാൽ അതു നിന്നെ ഓടിച്ചിട്ടു കൊത്തിക്കീറും.”

“ഹാ... ഹാ...!” അതുകേട്ട് മാർജാരൻ പൊട്ടിച്ചിരിക്കാൻ ആരംഭിച്ചെങ്കിലും ദൂതന്മാർ മാർജാരന്റെ വായ് പൊത്തിപ്പിടിച്ചു. എന്നിട്ടു പറഞ്ഞു.

“അയ്യോ ചിരിക്കരുത്. മഹാരാജാവ് നാടുനീങ്ങിക്കിടക്കുന്ന ഈ നേരത്ത് ഒന്നും പറയരുത്. ഈ രാജ്യത്തെ സകലപ്രജകളും കണ്ണീരൊഴുക്കുന്ന നേരമാണിത്. ഇവിടെ യാതൊരു അനാചാരവും ഉണ്ടാവാൻ പാടില്ല. ദയവു ചെയ്ത് ഒന്നും മിണ്ടരുത്.”

രാജദൂതൻ താണപേക്ഷിച്ചു. എങ്കിലും മന്ത്രവാദി മാർജാരന് രാജാവ് നാടുനീങ്ങിയതിൽ യാതൊരു വിഷമവുമില്ലെന്ന് അവിടെനിന്നവർക്കെല്ലാം ബോധ്യമായി.

“എന്റെ ശക്തി നിന്നെ ഇന്നു കാണിച്ചുതന്നിട്ട് ഞാൻ പൊയ്ക്കൊള്ളാം. അല്ലാതെ ഞാൻ പോകില്ല.”

ഇത്രയും പറഞ്ഞ് സർപ്പകാലൻ ഭാണ്ഡത്തിൽനിന്നു വടിയെടുത്തു കുതിരവണ്ടിയിൽ മയങ്ങിക്കിടക്കുന്ന സർപ്പത്തിന്റെ തലയ്ക്കു ചുറ്റും ഉഴിയാൻ ആരംഭിച്ചു. അതുകണ്ട് ജനം ഭയന്നുവിറച്ചു. സർപ്പം എണീറ്റു ചാടുന്ന കാര്യം അവർക്കു സങ്കല്പിക്കാൻപോലും ആവില്ല.

എല്ലാവരും ഓടിയെത്തി സർപ്പകാലന്റെ കാൽക്കൽവീണ് കേണപേക്ഷിച്ചു: “പ്രഭോ, മരിച്ചുകിടക്കുന്ന രാജാവിനെ ഓർത്ത് അങ്ങനെ ചെയ്യല്ലേ.” കാലൻ സമ്മതിച്ചു. അദ്ദേഹം വണ്ടിയിൽ കയറി. വണ്ടി നീങ്ങി.

വീരസേനമഹാരാജാവിന്റെ അന്ത്യകർമങ്ങൾ പിറ്റേന്നു രാവിലെ ആരംഭിച്ചു. കൊട്ടാരത്തിനോടു ചേർന്ന് മാർബിൾ കല്ലറയിൽ സ്വർണപ്പരവതാനിയിൽ കിടത്തി സംസ്കരിക്കാൻ തീരുമാനിച്ചു. എല്ലാ കർമങ്ങളും പൂർത്തിയായി. ശവസംസ്കാരത്തിനായി എടുക്കാൻ ആരംഭിച്ചതും മന്ത്രവാദി മാർജാരന്റെ ‘അരുത്’ എന്ന അലർച്ച മുഴങ്ങിയതും ഒന്നിച്ചായിരുന്നു.

(തുടരും)

കവിത

എം.എസ്. ചാമക്കാല

## കുളക്കരയിൽ

ഉണ്ടായിരുന്നെനിക്കെല്ലാം തികഞ്ഞുള്ളൊ-
രുണ്മ നിറഞ്ഞതാം നല്ലകാലം
അന്നെനിക്കില്ലാത്തതില്ലില്ല യാതൊന്നും
എന്നല്ല; നേടുവാനുള്ള ഭാഗ്യം

നല്ലൊരു വീടുണ്ടെനിക്കു പാർത്തീടുവാൻ
നല്ല പാതിയതു കൈക്കലാക്കി
ദേഹം തളർന്നുപോയ്, വേലയ്ക്കു പാങ്ങില്ല
ഭാര്യയ്ക്കു ഭർത്താവു ഭാരമല്ലോ!

നീന്തി നിരങ്ങി ഞാനെത്തി കവാടത്തി-
ലെത്രദിനംകൊണ്ടെന്നോർമയില്ല
അത്ര ഞാനൊറ്റയ്ക്കല്ലൊത്തിരിപ്പേരുണ്ടേ
അംഗങ്ങളേറെ തളർന്നോരാണേ!

ഇക്കവാടത്തിന്നുമപ്പുറം നോക്കിയാൽ
മിക്ക വിഖ്യാതമാം വാപി കാണാം
മാലാഖ വന്നു ജലമിളക്കീടുമ്പോ-
ളാദ്യമിറങ്ങുന്നോൻ സൗഖ്യം നേടും
ഇല്ലെനിക്കെത്താൻ കഴിഞ്ഞില്ലിതുവരെ
ഇല്ലെനിക്കായതിനുള്ള ശേഷി

ഉറ്റവരോടു പരിഭവമില്ലല്ലോ
മറ്റുള്ളോരോടും പരാതിയില്ല
നല്ലൊരു യൗവനമായിരുന്നന്നു, ഞാൻ
എല്ലാരേം വെല്ലും തന്റേടിതന്നെ.

തെറ്റിനു കൂട്ടായി, യെന്നല്ല ഞാൻ സ്വയം
തെറ്റുകൾ ചെയ്തവനായിരുന്നു
ഈ ശിക്ഷ തമ്പുരാൻ നല്കിയതാണല്ലോ
ഞാനതു താനേയനുഭവിക്കാം

ഇവ്വിധമുള്ള കിടപ്പു തുടങ്ങിയി-
ട്ടെത്രയോ കാലം കഴിഞ്ഞുപോയി
നാഥാ! പൊറുക്കാൻ സമയമായില്ലെന്നോ?
നല്ല മനസ്സോടെ കീഴ്പ്പെടുന്നേൻ

2

ഇങ്ങനെ ചിന്തിച്ചും പ്രാർഥിച്ചും ധ്യാനിച്ചു-
മഗ്ഗളിതാംഗനിരുന്നിടുമ്പോൾ
മുമ്പൊന്നും കാണാൻ കഴിയാത്തൊരുവൻ തൻ
മുമ്പിൽ ചിരിതൂകി നിന്നിടുന്നു!

ഏതോ മുജ്ജന്മത്തിലൊന്നായിരുന്നപോ-
ലേറെയടുപ്പമുണ്ടെന്നു തോന്നി
കാർമേഘമെല്ലാമൊഴിഞ്ഞ നഭസ്സുപോൽ
മാനസവ്യാകുലം നീങ്ങിപ്പോയി!

ആർത്തന്റെ മുമ്പിലേക്കാഗതനായതോ
ആതുരസേവകനേശുദേവൻ!
ആ വഴി പോകവേ ആരോ പറഞ്ഞറി-
ഞ്ഞേവമിവിടെ കടന്നുവന്നു

ആരിലും കാരുണ്യം കോരിച്ചൊരിയുന്നോ-
നാരുടെ കണ്ണീരുമൊപ്പിടുന്നോൻ
ആരംഭഹീനനഖിലേശനാണവൻ
അർഥികൾക്കാശ്രയം നല്കിടുന്നോൻ

അദ്ദിവ്യരക്ഷകൻ ചോദിച്ചു: “സ്നേഹിതാ!
സൗഖ്യം ലഭിക്കുവാനാശയുണ്ടോ?”
“ആശയുണ്ടെങ്കിലും മാലാഖയെത്തുമ്പോ-
ളാശ്രയം നല്കുവാനാരുമില്ല.
വെള്ളത്തിലാദ്യമായ് മുങ്ങി സുഖം നേടാൻ
ഉള്ളം കൊതിക്കുന്നോരൊട്ടനേകം
അംഗി തളർന്നു കിടക്കും നിരാശ്രയ-
നെന്നും നിരാശയേ നേട്ടമാകൂ.”

പെട്ടെന്നാ ശബ്ദമവിടെ മുഴങ്ങിപോൽ:
“കട്ടിലെടുത്തു നീ വീട്ടിൽ പോകൂ!”
ദേവാജ്ഞയാണതു ചാടിയെണീറ്റു തൻ
ദേശത്തേക്കായവൻ യാത്രയായി
നന്ദിനിറഞ്ഞ മനസ്സിന്റെ ഭാരത്താൽ
മന്ദഗതിയിലാണാ നടത്തം!

നോവൽ 24

ഇഗ്നേഷ്യസ് കലയന്താനി




കഥാസാരം

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹത്തിൽ കഴിഞ്ഞിരുന്ന അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ ബന്ധമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ വിവാഹത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും ഹൈറേഞ്ചിൽ ചെന്നപ്പോഴാണ് വീണ്ടും കാണുന്നത്. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനുശേഷം സിസിലിയുടെ ജീവിതം ദുരിതപൂർണമായിരുന്നു. മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിനു നന്നേ ഇഷ്ടമായി. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായതിനാൽ പൊരുത്തപ്പെട്ടുപോകാൻ നന്നേ ബുദ്ധിമുട്ടി ജയേഷ്. എൽസയുടെ കാലിന്റെ മുടന്തുമാറ്റാനുള്ള സർജറിക്കു പണം കൊടുക്കാമെന്ന് ജയേഷ് അറിയിച്ചു. ഇതറിഞ്ഞ വർഷ കോപാകുലയായി. പണം തരില്ലെന്ന് അവൾ എൽസയെ വിളിച്ചറിയിച്ചു. ഇടവകവികാരി ഫാദർ മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചുകൊടുത്ത്, സർജറി നടത്തി മുടന്തുമാറ്റി. സർജറി നടത്തിയ ഡോക്ടർ മനുവുമായി എൽസ സൗഹൃദത്തിലായി. ഇതിനിടയിൽ വർഷ ഗർഭിണിയായി. ജയേഷ് അറിയാതെ ഗർഭച്ഛിദ്രം നടത്തിയിട്ട് ബാത്റൂമിൽ തെന്നിവീണ് അബോർഷനായീന്ന് ജയേഷിനോടു കള്ളം പറഞ്ഞു. ഒരപകടത്തിൽ സിസിലി മരിച്ചു. എൽസ ഒറ്റയ്ക്കായി. ഡോക്ടർ മനു അവൾക്ക് താൻ ജോലി ചെയ്യുന്ന ആശുപത്രിയിൽ ഒരു ജോലി സംഘടിപ്പിച്ചു കൊടുത്തു. എൽസയെ വിവാഹം കഴിക്കാൻ ആഗ്രഹമുണ്ടെന്ന കാര്യം ഡോക്ടർ മനു വീട്ടിൽ പറഞ്ഞു. എൽസ ഡോക്ടറോടൊപ്പം രണ്ടു ദിവസം അയാളുടെ വീട്ടിൽ പോയി താമസിച്ചു. വീട്ടുകാർക്ക് എൽസയെ ഇഷ്ടമായി. വർഷ ഗർഭച്ഛിദ്രം നടത്തിയ കാര്യം യാദൃച്ഛികമായി ജയേഷും സൂസമ്മയും അറിഞ്ഞു.
(തുടർന്നു വായിക്കുക)

**അ**ടുത്തദിവസം ഉച്ചയ്ക്കു മുമ്പേ ജയേഷിനെ ഡിസ്ചാർജ് ചെയ്തു. വൈറൽപനിയാണെന്നും രണ്ടുദിവസം കഴിയുമ്പോൾ മാറിക്കോളുമെന്നും പറഞ്ഞപ്പോൾ സമാധാനമായി.

വീട്ടിൽ വന്ന് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ജയേഷ് പറഞ്ഞു:

''എന്റെ കുഞ്ഞിനെ മനഃപൂർവം കൊന്നുകളഞ്ഞിട്ട് അബോർഷനായീന്ന് അവളെന്നോടു കള്ളം പറഞ്ഞല്ലോ അമ്മേ. അതിനു കൂട്ടുനിന്നല്ലോ അവളുടെ അമ്മയും. ഭർത്താവിനെ ഈ വിധം ചതിക്കുന്ന ഒരു സ്ത്രീക്ക് ഒരിക്കലും വിശ്വസ്തയായ ഒരു ഭാര്യയായിരിക്കാൻ കഴിയില്ലമ്മേ.''

''ഇന്നലെ രാത്രി മുഴുവൻ ഞാനിതോർത്തു കിടക്കുവായിരുന്നു മോനേ. ഉറക്കം വന്നില്ല. അബോർഷനായീന്നു പറഞ്ഞുള്ള ആ തള്ളേടേം മോളുടേം കരച്ചിലും സങ്കടവും ഒന്നു കാണണമായിരുന്നു! എത്ര ഭംഗിയായി അഭിനയിച്ചു അവരു നമ്മുടെ മുമ്പിൽ!''

''സിസിലിയാന്റിയുടെ മകൾ എൽസ എത്ര നല്ല കുട്ടിയാ. അതുപോലൊരു പെൺകുട്ടിയെയായിരുന്നു ഞാൻ കൊതിച്ചത്.''

''സിസിലി മരിച്ചതിനുശേഷം ആ കൊച്ചിന്റെ ജീവിതം എങ്ങനെയാണാവോ! ഫോൺ വിളിക്കാൻ എനിക്കു മടിയാ. ഇങ്ങോട്ടു വല്ലതും പറഞ്ഞാൽ അതു കേൾക്കാനുള്ള ശക്തിയില്ല.''

''വർഷ അങ്ങനെ പറഞ്ഞതിനുശേഷം ഞാനും വിളിച്ചിട്ടില്ലമ്മേ. എൽസ ഇങ്ങോട്ടും വിളിച്ചിട്ടില്ല.''

''പാവം! ചട്ടിച്ചട്ടിയുള്ള ആ നടപ്പു കാണുമ്പോൾ തന്നെ സഹതാപം തോന്നുമായിരുന്നു.''

''നമ്മൾ അവിടെ ചെന്നപ്പോൾ സിസിലിയാന്റിയും എൽസയും നമ്മളോടു കാണിച്ച ആ സ്നേഹവും സൽക്കാരവും മറക്കാൻ പറ്റുമോ? എൽസ എന്നെ ആ പാറപ്പുറത്തുകൊണ്ടു പോയി പ്രകൃതിദൃശ്യം കാണിച്ചു തന്നത് ഇപ്പഴും മനസിൽ നിറഞ്ഞു നിൽക്കുവാ. അവളുടെ കാലിന്റെ ഓപ്പറേഷന് കൊടുക്കാന്നു പറഞ്ഞ കാശ് കൊടുക്കാൻ പറ്റാത്തതിൽ എനിക്കൊരുപാട് കുറ്റബോധമുണ്ട്. വിശ്വാസവഞ്ചനയല്ലേ ഞാൻ കാണിച്ചത്! ദൈവം ക്ഷമിക്കുമോ അമ്മേ എന്നോട്?''



''ദൈവം അതൊക്കെ ക്ഷമിക്കും മോനേ. നിന്റെ മനസ് ദൈവത്തിന് അറിയാല്ലോ. ങ്ഹാ... വർഷ വരുമ്പം നീ അവളോടൊന്നു ചോദിക്കണം എന്തിനാ നുണ പറഞ്ഞതെന്ന്.''

''ചോദിക്കാം അമ്മേ. അവളു സമ്മതിക്കുമെന്നു തോന്നുന്നില്ല. എന്നാലും ചോദിക്കാം. നമ്മൾ അറിഞ്ഞൂന്ന് അവളൊന്നറിയണമല്ലോ.''

''തീർച്ചയായും ചോദിക്കണം. ഇനീം ഇതുപോലെ നുണ പറയാൻ അവളുടെ നാവു പൊങ്ങരുത്.''

സൂസമ്മയ്ക്കും ദേഷ്യമായിരുന്നു.

രാത്രി എട്ടുമണിയായപ്പോൾ വർഷ വന്നു. കുളിയും അത്താഴവും കഴിഞ്ഞ് കിടപ്പുമുറിയിലേക്കു വന്നപ്പോൾ ജയേഷ് കസേരയിൽ ചാരി ചിന്താമൂകനായി ഇരിക്കയായിരുന്നു. വർഷയ്ക്ക് പന്തികേട് തോന്നി.

''എന്താ ആലോചിച്ചിരിക്കുന്നേ?''

വർഷ വന്ന് ജയേഷിന്റെ തോളിൽ കൈവച്ചുകൊണ്ടു ചോദിച്ചു.

''ഒന്നുമില്ല.''

''ഇന്നലെ ഞാനാശുപത്രീൽ നിൽക്കാത്തതുകൊണ്ടുള്ള വിഷമമാണോ? എനിക്കിവിടെ വന്നിട്ട് ഇത്തിരി വർക്കുണ്ടായിരുന്നു. അതുകൊണ്ടാട്ടോ. വിഷമിക്കണ്ട.''

വർഷ അവന്റെ കവിളിൽ ഒരു മുത്തം നൽകി.

''ഇവിടിരുന്നേ.''

ജയേഷ് വർഷയെ പിടിച്ച് തൊട്ടടുത്ത് മറ്റൊരു കസേരയിലിരുത്തി. എന്നിട്ട് ആ കണ്ണുകളിലേക്കു സൂക്ഷിച്ചു നോക്കി. പതിവില്ലാത്ത നോട്ടം കണ്ടപ്പോൾ അവൾ ഒന്നമ്പരന്നു. എന്തുപറ്റി ഈ മനുഷ്യന്?

''എന്തേ ഇങ്ങനെ നോക്കുന്നേ?''

''ഞാനൊരു കാര്യം ചോദിച്ചാൽ സത്യം പറയുമോ?''

''എന്താ?'' വർഷയ്ക്ക് ഉത്കണ്ഠയായി.

''ബാത്റൂമിൽ വീണ് അബോർഷനായീന്നല്ലേ വർഷ എന്നോടു പറഞ്ഞത്?''

''അതെ.'' അവളുടെ നെഞ്ചിലൊരു മിന്നൽ.

''എന്തിനാ എന്നോടു നുണ പറഞ്ഞത്?''

''നുണയോ? ആരു പറഞ്ഞു നുണയാന്ന്.''

വർഷയുടെ നെഞ്ചിടിപ്പു കൂടി.

''അബോർഷൻ നടത്തിയ ഡോക്ടർ പറഞ്ഞു. ഞാനിന്നലെ ആശുപത്രിയിൽവച്ച് ആ ഡോക്ടറെ കണ്ടു.''

ജയേഷ് ഒരു സൂത്രം പ്രയോഗിച്ചു.

''ഡോക്ടറു നുണ പറഞ്ഞതാ. സത്യായിട്ടും ബാത്റൂമിൽ വീണ് അബോർഷനായതാ. ജയേഷിനെന്നെ വിശ്വാസമില്ലേ?''

''എങ്കിൽ നാളെ നമുക്ക് ആ ഡോക്ടറുടെ അടുത്തൊന്നു പോയാലോ? എന്തിനാ ഡോക്ടർ നുണ പറഞ്ഞതെന്ന് ഒന്നറിയണമല്ലോ.'' ജയേഷ് ഒരടവു പ്രയോഗിച്ചു.

''എന്നെ വിശ്വാസമില്ലാത്തതുകൊണ്ടല്ലേ പോകണമെന്നു പറയുന്നത്? കഷ്ടം ഒണ്ട് കേട്ടോ.'' വർഷ കരയാൻ തുടങ്ങി. ''ഞാനിത്രയേറെ സ്നേഹിച്ചിട്ടും എന്നെ വിശ്വാസമില്ലല്ലോ. സങ്കടം ഒണ്ട് കേട്ടോ.''

വർഷ കരയുന്നതു കണ്ടപ്പോൾ ജയേഷിന്റെ മനസ്സലിഞ്ഞു. ആദ്യായിട്ടായിരുന്നു വർഷ കരയുന്നതു കാണുന്നത്.

''സാരമില്ല.'' വർഷയെ ചേർത്തു പിടിച്ചു കവിളിൽ തലോടി ആശ്വസിപ്പിച്ചുകൊണ്ട് ജയേഷ് തുടർന്നു.

''ഡോക്ടർ നുണ പറഞ്ഞതാണും നീ പറഞ്ഞതാ സത്യമെന്നും ഞാൻ വിശ്വസിച്ചിരിക്കുന്നു. പോരേ? ഇനി അഥവാ നീയാ നുണ പറഞ്ഞതെങ്കിൽപ്പോലും എനിക്കു നിന്നോട് ഇഷ്ടക്കുറവൊന്നുമില്ല. നീ എന്റെ വൈഫ് അല്ലേ. ഇനിയുള്ള ജീവിതം മുഴുവൻ നമ്മൾ ഒന്നിച്ചു കഴിയേണ്ടവരല്ലേ. രണ്ടുപേർക്കും അങ്ങോട്ടുമിങ്ങോട്ടും തെറ്റുകുറ്റങ്ങളുണ്ടാകും. പരസ്പരം ക്ഷമിച്ചും വിട്ടുവീഴ്ച ചെയ്തുമൊക്കെ പോയെങ്കിലേ കുടുംബജീവിതം സന്തോഷകരമായി പോകൂ.''

''എന്നെ വിശ്വസിക്ക് ജയേഷ്. ഞാൻ ജയേഷിനെ വഞ്ചിച്ചിട്ടില്ല.''

''വിശ്വസിച്ചെന്നു പറഞ്ഞല്ലോ! വർഷയ്ക്ക് എന്നോട് ഒരുപാടു സ്നേഹമുണ്ടെന്ന് എനിക്കറിയാം. അതിനേക്കാളേറെ സ്നേഹം എനിക്കങ്ങോട്ടുമുണ്ട്. അതു പ്രകടിപ്പിക്കുന്നതിൽ ചിലപ്പോഴൊക്കെ ഞാൻ പരാജയപ്പെട്ടിട്ടുണ്ടാവാം. എന്റെ നേച്ചർ അങ്ങനെയായിപ്പോയി. ക്ഷമിക്ക്. എനിക്ക് താനില്ലാതെ ഇനി ഒരു ജീവിതമില്ല.'' ജയേഷ് ഭാര്യയെ ചേർത്തുപിടിച്ച് ഒരുമ്മ കൊടുത്തു.

കുറ്റബോധത്താൽ വർഷയുടെ ഹൃദയം വെന്തുനീറി. ജയേഷിന് തന്നോടുള്ള സ്നേഹത്തിന്റെ ആഴം അന്ന് അവൾ തിരിച്ചറിഞ്ഞു. അബോർഷൻ നടത്തി എന്നു ബോധ്യപ്പെട്ടിട്ടും തന്നെ ഇത്രയേറെ സ്നേഹിക്കുന്നല്ലോ തന്റെ ഹസ്ബൻഡ്! താൻ പറഞ്ഞതു കള്ളമാണെന്നു മനസ്സിലായിട്ടും തന്നെ ചേർത്തു പിടിക്കുന്നല്ലോ! എത്ര വിശാലഹൃദയനാണീ മനുഷ്യൻ! അവൾ ഓർത്തു.

''നമുക്കു കിടക്കാം.''

ലൈറ്റ് ഓഫ് ചെയ്തിട്ട് ജയേഷ് വർഷയെ കിടക്കയിലേക്കു ചായ്ച്ചു. ഭാര്യയെ നെഞ്ചോടു ചേർത്തു കെട്ടിപ്പിടിച്ച് അയാൾ കിടന്നു. ഓഫീസിലെ വിശേഷങ്ങളും സഹപ്രവർത്തകരുടെ കാര്യങ്ങളുമൊക്കെ അയാൾ ചോദിച്ചു. പതിവിലേറെ സ്നേഹം പ്രകടിപ്പിക്കുന്നതു കണ്ടപ്പോൾ വർഷയ്ക്ക് ഒരു കാര്യം ബോധ്യമായി. ജയേഷിന്റെ ഉള്ളിൽ തന്നോട് ഒരുപാട് സ്നേഹമുണ്ട്.

ഓരോന്നു സംസാരിച്ചു കിടന്ന് ജയേഷ് സാവധാനം ഉറക്കത്തിലേക്കു വീണു. വർഷയ്ക്ക് ഉറക്കം വന്നില്ല. അവൾ ഓർക്കുകയായിരുന്നു. താൻ ചെയ്ത തെറ്റ് ജയേഷ് അറിയുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചില്ല. ഒരു തെറ്റും എല്ലാക്കാലത്തും മൂടിവയ്ക്കാൻ പറ്റില്ലെന്ന് ഇപ്പോൾ മനസ്സിലായി. ഏതെങ്കിലും ഘട്ടത്തിൽ അതു പുറത്തുവരും.

തിരിഞ്ഞും മറിഞ്ഞും കിടന്ന് അവൾ ഒരുവിധം നേരം വെളുപ്പിച്ചു.

രാവിലെ എണീറ്റപ്പോൾ നല്ല ഉറക്കക്ഷീണമുണ്ടായിരുന്നു മുഖത്ത്. ജയേഷ് അതു തിരിച്ചറിഞ്ഞു.

''മുഖം വല്ലാണ്ടിരിക്കുന്നല്ലോ. ഇന്നലെ രാത്രി ഉറങ്ങിയില്ലേ?''

''ഉറങ്ങി.''

''ഞാൻ വർഷയെ അവിശ്വസിച്ചിട്ടൊന്നുമില്ല കേട്ടോ. ഇന്നലെ ഞാൻ പറഞ്ഞതൊക്കെ മനസ്സീന്നു മാച്ചുകളഞ്ഞേരെ. അതോർത്ത് ഒരു വിഷമം വേണ്ട.''

''ഏയ്... അങ്ങനൊരു വിഷമമൊന്നുമില്ല.''

അവൾ ചിരിക്കാൻ ശ്രമിച്ചു.

''പോയി കുളിച്ചിട്ടു വാ. മുഖത്തെ ആ ക്ഷീണമൊക്കെ ഒന്നു മാറട്ടെ.''

ബാത്റൂമിൽ ഷവറിനു കീഴിൽ നിൽക്കുമ്പോൾ വർഷയുടെ മനസ്സ് വല്ലാതെ നീറുകയായിരുന്നു. കുറ്റബോധം ആ ഹൃദയത്തെ കുത്തിനോവിച്ചു. തന്നെ ജയേഷ് ഇത്രയേറെ സ്നേഹിക്കുണ്ടെന്ന സത്യം തിരിച്ചറിയാൻ താൻ വൈകിപ്പോയല്ലോ എന്നവൾ സങ്കടപ്പെട്ടു.

കുളി കഴിഞ്ഞുവന്നു മുടി ഉണക്കിക്കൊണ്ടിരിക്കുമ്പോൾ ജയേഷ് പറഞ്ഞു:

''കുറച്ചുദിവസം ലീവ് എടുക്കാൻ പറ്റുമെങ്കിൽ നമുക്കു രണ്ടുപേർക്കുംകൂടി ഒരുല്ലാസയാത്ര പോകാം.''

ശേഷം 13-ാം പേജിൽ



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# ചരിത്രം മാന്തി രാജ്യത്തിന്റെ അടിത്തറ ഇളക്കരുത്

നേർമൊഴി

രാജ്യത്ത് ആരാധനാലയങ്ങൾക്കുമേൽ അവകാശവാദങ്ങൾ വർധിച്ചുവരുന്ന കാലമാണിത്. അത് രാജ്യത്തിന്റെ വളർച്ചയെയും വികസനത്തെയും കെട്ടുറപ്പിനെയും ഐക്യത്തെയും പ്രതികൂലമായി ബാധിക്കും. രാജ്യത്തു നിലനില്ക്കുന്ന സമാധാനാന്തരീക്ഷം തകരാനും മതസൗഹാർദത്തിന് ഉലച്ചിൽ സംഭവിക്കാനും ക്രമസമാധാനപ്രശ്നങ്ങൾ ഉടലെടുക്കാനും അതു കാരണമാകും. ഇത്തരം അപകടങ്ങൾ മുന്നിൽക്കണ്ട് അത് ഒഴിവാക്കാൻ 1991 ൽ ആരാധനാലയ സംരക്ഷണനിയമം പാസാക്കിയിരുന്നു. 1947 ലെ തത്സ്ഥിതി ആരാധനാലയങ്ങളുടെ കാര്യത്തിൽ തുടരണമെന്നായിരുന്നു ആ നിയമത്തിന്റെ പൊരുൾ. എന്നാൽ, ബാബ്റി മസ്ജിദിനെമാത്രം ഈ പൊതുനിയമത്തിൽനിന്ന് ഒഴിവാക്കിയിരുന്നു.

1991 ലെ ആരാധനാലയസംരക്ഷണനിയമം നിലനില്ക്കെയാണ് അതിനെതിരേ കോടതികളിൽ ഹർജികൾ ഫയലിൽ സ്വീകരിക്കുന്നത്. ഹർജികൾ കോടതികളുടെ ഫയലുകളിൽ സ്വീകരിക്കപ്പെടുകയും സർക്കാർ അക്കാര്യത്തിൽ നിശ്ശബ്ദത പാലിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഹർജികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. ഹർജികളിൽ ഏറ്റവും പുതിയതും വിവാദമായതും രാജസ്ഥാനിലെ അജ്മീർ ദർഗയെ സംബന്ധിച്ചാണ്. ശിവക്ഷേത്രത്തിനു മുകളിലാണ് അജ്മീർ ദർഗ നിർമിച്ചിരിക്കുന്നത് എന്നതാണ് ആക്ഷേപം. അവിടെ ഹിന്ദുക്കളെ പൂജ ചെയ്യാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഹിന്ദുസേനാ തലവൻ വിഷ്ണു ഗുപ്തയാണ് സെപ്റ്റംബർമാസത്തിൽ അജ്മീർ കോടതിയെ സമീപിച്ചത്. അതിന്റെയടിസ്ഥാനത്തിൽ ജഡ്ജി മൻമോഹൻ ചന്ദ്രേൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയ്ക്കും കേന്ദ്രത്തിനും ദർഗ കമ്മിറ്റിക്കും നോട്ടീസയച്ചു. ഡിസംബർ 20 ന് കേസ് വീണ്ടും പരിഗണിക്കും.



രാജസ്ഥാനിലെ അജ്മീർ ദർഗ

ഉത്തർപ്രദേശിലെ സംബാലിൽ സമുദായസംഘർഷത്തിൽ നാലുപേർ കൊല്ലപ്പെട്ടതിനു പിന്നാലെയാണ് അജ്മീറിലും പ്രശ്നങ്ങൾ ഉടലെടുത്തത്. സംബാലിലെ ഷാഹി ജുമാ മസ്ജിദിൽ സർവേയ്ക്ക് ഉത്തരവിട്ടതിനെത്തുടർന്നായിരുന്നു സാമുദായികസംഘർഷം. പുരാതനമായ ക്ഷേത്രത്തിനു മുകളിലാണ് മസ്ജിദ് നിർമിച്ചിരിക്കുന്നത് എന്നാണു പരാതി.

വാരണാസിയിലെ ഗ്യാൻവാപി മോസ്കിൽ സർവേ നടത്താൻ കോടതി നൽകിയ അനുമതി 2023 ഓഗസ്റ്റിൽ സുപ്രീംകോടതി ശരിവച്ചതോടെയാണ് സംഘപരിവാർ സംഘടനകൾ കൂടുതൽ കേസുകളുമായി രംഗത്തുവന്നത്. 2019 ൽ അയോധ്യാക്കേസിൽ വിധി പറഞ്ഞ ജസ്റ്റീസ് ചന്ദ്രചൂഡ് അധ്യക്ഷനായ ബഞ്ചു തന്നെയാണ് സർവേയ്ക്ക് അനുമതി നല്കിയത്. ഇദ്ദേഹത്തിന്റെ ഭവനത്തിലെ സ്വകാര്യ ചടങ്ങിൽ പ്രധാനമന്ത്രി പങ്കെടുത്തത് വലിയ ചർച്ചകൾക്കും കോലാഹലങ്ങൾക്കും കാരണമായത് ചേർത്തുവായിക്കേണ്ടതാണ്.

ഭരണഘടനയുടെ ആമുഖത്തിൽനിന്നു മതേതരത്വം എന്ന വാക്ക് ഒഴിവാക്കുന്നതിനുവേണ്ടി കോടതിയെ സമീപിച്ച ബിജെപി നേതാവ് സുബ്രഹ്മണ്യം സ്വാമിയും അശ്വനികുമാർ ഉപാധ്യായയും എന്തു സൂചനയാണ് നൽകുന്നത്? 1991 ലെ ആരാധനാലയ സംരക്ഷണനിയമത്തിന്റെ സാധുതയെയാണ് അവർ ചോദ്യം ചെയ്യുന്നത് എന്നതു മറ്റൊരു കാര്യം. 1991 ൽ പാസാക്കപ്പെട്ട നിയമം റദ്ദാക്കണമെന്നു രാജ്യസഭയിൽ ആവശ്യപ്പെട്ടത് ബിജെപി എം.പി. ഹർനാഥ് സിങ് യാദവാണ്. പാർട്ടിയും പ്രധാനമന്ത്രിയും ഇത്തരക്കാരെ കയറൂരിവിടുന്നത് അവരുടെമേൽ നിയന്ത്രണം ഇല്ലാത്തതുകൊണ്ടോ അവരിലൂടെ കാര്യങ്ങൾ സാധിച്ചെടുക്കാനോ?

മതങ്ങളും സമുദായങ്ങളും രാജ്യത്തെ നിയമവ്യവസ്ഥയെയും പൊതുമര്യാദകളെയും വെല്ലുവിളിച്ച് ഹർജികളുമായി ഇറങ്ങിത്തിരിച്ചാൽ രാജ്യത്തിന്റെ സ്ഥിതി എന്താകും? ഉൾക്കൊണ്ടും ഉൾപ്പെടുത്തിയും പങ്കുവച്ചും പങ്കുചേർന്നും ജീവിച്ചുവന്ന സഹിഷ്ണുതയുടെ സംസ്കാരമാണു കുഴിമാന്തലിലൂടെ തച്ചുടയ്ക്കപ്പെടുന്നത്. അത് അനുവദിച്ചുകൂടാ. നിലവിലുള്ള ആരാധനാലയങ്ങളുടെയും ചരിത്രസ്മാരകങ്ങളുടെയും തത്സ്ഥിതി തുടരാനുള്ള അന്തിമമായ രാഷ്ട്രീയ തീരുമാനവും അതിന്മേലുള്ള കോടതിയുത്തരവും ഉണ്ടാകാതെ രാജ്യത്തിനു മുമ്പോട്ടു പോകാനാവില്ല. ആവശ്യമെങ്കിൽ സർവകക്ഷിയോഗങ്ങളും കോടതികളുമായുള്ള ഈ വിഷയത്തിലെ ചർച്ചകളും ആവശ്യമായി വരാം. ആരാധനാലയങ്ങൾ പൊളിച്ചുനീക്കാൻ എളുപ്പമാണ്. അങ്ങനെ ചെയ്താൽ തകരുന്നത് മതസങ്കല്പങ്ങളും സമുദായസൗഹാർദവുമാണ്. രാജ്യത്തിന്റെ വളർച്ച ഭൗതികപുരോഗതിയെ ആശ്രയിച്ചല്ല, ജനങ്ങളുടെ ഐക്യത്തെ ആശ്രയിച്ചാണെന്നു ചിന്തിക്കുന്ന വലിയൊരു ജനസമൂഹം ഇവിടെയുണ്ട്. അവരെ നിരാശപ്പെടുത്താതിരിക്കാനുള്ള ഉത്തരവാദിത്വം നേതാക്കന്മാർക്കുണ്ട്.

ആർഎസ്എസ് മേധാവി മോഹൻ ഭഗവത് രണ്ടര വർഷംമുമ്പു നാഗ്പൂരിൽ പ്രവർത്തകരോടു ചോദിച്ച ചോദ്യം എല്ലാവരുടെയും മനസ്സിലും ഹൃദയത്തിലുമുണ്ടായിരിക്കട്ടെ. അദ്ദേഹം ചോദിച്ചു: ''ശിവലിംഗം അന്വേഷിച്ച് നിങ്ങൾ എത്രകാലം മോസ്കുകൾ കുഴിച്ചുകൊണ്ടിരിക്കും?'' ഇത് ഒരു വിഭാഗത്തോടുമാത്രമുള്ള ചോദ്യമല്ല. രാജ്യത്തിന്റെ ഭാവി ഒന്നിപ്പിലാണ്, ഭിന്നിപ്പിലല്ല.

---




11-ാം പേജ് തുടർച്ച

"എന്തുപറ്റി ഇപ്പം ഇങ്ങനെയൊരു തോന്നൽ?" അതിശയത്തോടെ അവൾ തിരിഞ്ഞ് ജയേഷിനെ നോക്കി.

"കല്യാണം കഴിഞ്ഞ് നമ്മൾ ഹണിമൂണിന് ദൂരെയെങ്ങും പോയില്ലല്ലോ."

''ഇങ്ങനെയൊരു വാക്കു കേൾക്കാൻ ഞാനെത്രനാളായി കൊതിക്കുന്നൂന്ന് അറിയാമോ? ഇപ്പഴാ ജയേഷ് ഒരു നല്ല ഹസ്ബന്റ് ആയത്. കല്യാണം കഴിഞ്ഞ പിറ്റേന്നു മുതൽ ഞാൻ പറയുന്നതല്ലേ നമുക്കു ദൂരെയെവിടെയെങ്കിലും പോയി കുറേ ദിവസം അടിച്ചുപൊളിച്ചു ജീവിക്കാന്ന്. അപ്പോ ഓരോരോ കാരണം പറഞ്ഞു ജയേഷ് ഒഴിവാകുകയായിരുന്നു."

"ശരിയാ. നിന്റെ ഇഷ്ടംകൂടി നോക്കി ഞാൻ ജീവിക്കണമായിരുന്നു. എന്റെ ഭാഗത്തും തെറ്റുണ്ട്. ങ്ഹ... കഴിഞ്ഞതൊക്കെ നമുക്കു മറക്കാം. ഇനിമുതൽ നമുക്ക് ഒരു മനസ്സോടെ മുമ്പോട്ടു പോകാം. എന്തേ?"

"ഞാൻ റെഡി."

വർഷ വന്ന് ജയേഷിനെ കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുത്തു. ആ ചുംബനത്തിനു മുമ്പ് അവൾ തന്നിട്ടുള്ള ചുംബനത്തേക്കാൾ പത്തിരട്ടി മാധുര്യം ഉള്ളതായി ജയേഷിനു തോന്നി.

''എങ്ങോട്ടാ ടൂറ്?'' വർഷ ആരാഞ്ഞു.

"തായ്‌ലൻഡിന് ആയാലോ?"

''ഞാൻ ആഗ്രഹിച്ചതും അതാ. കണ്ടോ ഇപ്പം നമ്മുടെ മനസ്സ് ചേർന്നുചേർന്നുപോകുന്നതുകണ്ടോ?"

"സന്തോഷത്തോടെ ഇന്നു ജോലിക്കു പൊയ്ക്കോ. ബാക്കി കാര്യങ്ങൾ രാത്രി ഡിസ്കസ് ചെയ്യാം."

പതിവിലേറെ സന്തോഷത്തോടെയാണ് വർഷ ജോലിക്കു പോകാനായി വേഷം മാറിയത്. ഏതു ഡ്രസ് ധരിക്കണമെന്ന് അവൾ ഹസ്ബൻഡിനോട് അഭിപ്രായം ചോദിച്ചു. ജയേഷിന്റെ ഇഷ്ടത്തിനൊത്ത് ഡ്രസ് ധരിക്കാനും മേക്കപ്പിടാനും അവൾ പ്രത്യേകം ശ്രദ്ധിച്ചു. അതു കണ്ടപ്പോൾ ജയേഷിനും ഒരുപാടു സന്തോഷമായി.

വർഷ ജോലിക്കു പോയിക്കഴിഞ്ഞപ്പോൾ സൂസമ്മ മുറിയിലേക്കു വന്നു.

''അബോർഷൻ നടത്തിയ കാര്യം മോൻ അവളോടു ചോദിച്ചോ?"

''ചോദിച്ചമ്മേ. അവൾക്കു തെറ്റുപറ്റിയെന്നു പറഞ്ഞ് എന്നോടു മാപ്പു ചോദിച്ചു. അവൾക്കിപ്പോൾ കുറ്റബോധമുണ്ട്. അമ്മ ഇനി അതേപ്പറ്റിയൊന്നും അവളോടു ചോദിച്ച് പ്രശ്നമാക്കണ്ട. അമ്മ ഒന്നും അറിഞ്ഞിട്ടില്ലെന്നാ ഞാൻ പറഞ്ഞത്."

"എന്നാലും അവളു നമ്മളെ ചതിച്ചല്ലോ മോനേ..."

''അതു മറന്നേക്ക് അമ്മേ. ഇന്നുമുതൽ വർഷ ഒരു പുതിയ പെണ്ണായി മാറിക്കഴിഞ്ഞു. അവളുടെ പെരുമാറ്റത്തിൽ ആ മാറ്റം അമ്മയ്ക്ക് ഇനി കാണാനാവും."

"എനിക്കു പ്രതീക്ഷയില്ല."

"ഒരാളുടെ മനസ്സു മാറാൻ ഒരുപാടു സമയമൊന്നും വേണ്ടമ്മേ."

സൂസമ്മ പിന്നീടൊന്നും മിണ്ടിയില്ല. എണീറ്റു മുറിയിൽ നിന്നിറങ്ങി താഴേക്കുപോയി.

പതിവിലേറെ സന്തോഷത്തോടെയാണ് വർഷ അന്ന് ഓഫീസിലിരുന്നു ജോലി ചെയ്തത്. ഉച്ചയ്ക്കു ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വിടലച്ചിരിയുമായി ദീപക് അടുത്തു വന്നു.

"ഹായ് വർഷ."

ദീപക്കിനെ കണ്ടതും വർഷ മുഖത്ത് ഒരു കൃത്രിമച്ചിരി വരുത്തി.

"ഇതെന്തൊരു ഡ്രസാ. ഈ ഡ്രസ് വർഷയ്ക്ക് ഒട്ടും ചേരുന്നില്ലാട്ടോ. ബോഡിഷേപ്പൊന്നും എടുത്തുകാണിക്കുന്നില്ല.

ദീപക് അവളുടെ സമീപം കസേരയിലിരുന്നു.

"സാരമില്ല. എന്റെ ഹസിന് ഇത് ഇഷ്ടപ്പെട്ടു. എനിക്കതുമതി."

''ഹസിനോട് അഭിപ്രായമൊക്കെ ചോദിക്കാൻ തുടങ്ങിയോ?"

"പിന്നാരോടാ ഞാൻ ചോദിക്കണ്ടേ?"

ആ മറുപടികേട്ട് ദീപക് വല്ലാതായി.

"സോറി." അയാൾ എണീറ്റു.

"പിന്നെ കാണാം." അതു പറഞ്ഞിട്ട് ദീപക് വേഗം സ്ഥലം വിട്ടു. വർഷയ്ക്ക് സമാധാനമായി. അയാൾ അകന്നുപോയല്ലോ! ആ ബന്ധം ഇനി വേണ്ട.

വൈകുന്നേരം ജോലി കഴിഞ്ഞ് സ്കൂട്ടറിൽ വീട്ടിലേക്കു മടങ്ങുമ്പോൾ വർഷയുടെ മനസ്സിൽ ജയേഷുമൊത്ത് തായ്‌ലൻഡിലേക്ക് ഉല്ലാസയാത്ര പോകുന്ന സന്തോഷചിത്രങ്ങളായിരുന്നു. എന്നു പോകണം? എത്ര ദിവസം തങ്ങണം? കൂടുതൽ ദിവസത്തേക്കു ലീവ് കിട്ടുമോ?

എത്രയും വേഗം വീട്ടിലെത്തണമെന്ന ആവേശത്തോടെ അവൾ സ്കൂട്ടറിന്റെ സ്പീഡ് കൂട്ടി. ഒരു വളവു തിരിഞ്ഞതും എതിരേ വന്ന കാർ അവളുടെ സ്കൂട്ടറിൽ ഇടിച്ചു. വർഷ തെറിച്ച് ദൂരേക്കുവീണു.

(തുടരും)

# ക്രിസ്മസിനെ വരവേല്ക്കാനൊരുങ്ങി

പാലാ സെന്റ് തോമസ്

# ആർട്ട് ഗാലറി

കലയുടെ കലവറ

St. Thomas Art Gallery











കമനീയമായ കലാശില്പങ്ങൾക്കും പെയിന്റിങ്ങുകൾക്കുമൊപ്പം മനോഹരമായ ക്രിസ്മസ് സമ്മാനങ്ങളും സ്വന്തമാക്കാൻ ഇതാ ഒരു സുവർണാവസരം!

- വിവിധതരത്തിലുള്ള പെയിന്റിങ്ങുകളുടെയും കലാശില്പങ്ങളുടെയും അതിവിപുലമായ ശേഖരം.
- വാട്ടർകളർ, അക്രിലിക്, എണ്ണച്ചായം മീഡിയത്തിലുള്ള പരമ്പരാഗത ക്രൈസ്തവകലാരൂപങ്ങൾ, ഛായാചിത്രങ്ങൾ, പ്രകൃതിദൃശ്യങ്ങൾ.
- ദേവാലയങ്ങൾക്കും ഭവനങ്ങൾക്കും ഉപയുക്തമായ രൂപക്കൂടുകളും ഫോട്ടോഫ്രെയിമുകളും

Deepanalam Weekly

RNI No : 16998/68
Vol. 57 No. 40 Date of Publication 5 December 2024
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org